LIBRARY ARCHIVES Kerala Legislative Assembly

കേരളം ബഹുദൂരം അതിവേഗം എന്ന പദ്ധതിയുടെ കീഴിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന കുടിവെള്ള പദ്ധതികൾ

79 [261] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം ബഹുദൂരം അതിവേഗം എന്ന പദ്ധതിയുടെ കീഴിൽ ബേപ്പൂർ നിയോജകമണ്ഡലത്തിലെ എത്ര കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാനും പൂർത്തീകരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു;

(ബി) ഈ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) അനന്തമായി നീണ്ടുപോകുന്ന ചീക്കോട് ശുദ്ധജലവിതരണ പദ്ധതി സർക്കാരിന്റെ ഈ ദ്രുതകർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ ആവശ്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ മൂന്നും കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ കീഴിൽ 23-ഉം പദ്ധതികൾ പൂർത്തീകരിച്ചു. കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ കീഴിൽ 3 പദ്ധതികൾ ഉടൻ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ഇല്ല.

(ഡി) പൂർത്തിയാക്കാൻ ആവശ്യമായ ഫണ്ട് സ്വരൂപിക്കേണ്ടതിനാൽ ഈ ആവശ്യം പരിഗണിക്കുവാൻ കഴിയുകയില്ല.

ആലപ്പുഴ ജില്ലയിൽ നൂറനാട് പാറ്റൂർ കേന്ദ്രമാക്കിയുള്ള എൽ. ഐ. സി. കുടിവെള്ള പദ്ധതി

80 [262] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) ആലപ്പുഴ ജില്ലയിൽ നൂറനാട് പാറ്റൂർ കേന്ദ്രമാക്കിയുള്ള എൽ. ഐ. സി. കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) ഈ പദ്ധതി നടത്തിപ്പിലെ കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

---

† അനുബന്ധം VII

അനുബന്ധം VI

[6-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത 79 (261)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലെ പദ്ധതികൾ

(1) പേട്ട ശുദ്ധജലവിതരണ പദ്ധതി – ഫറോക്ക് പഞ്ചായത്ത്

(2) കടലുണ്ടി പഞ്ചായത്തിലെ വാർഡ് 14, 15-ലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി

(3) ബേപ്പൂർ പഞ്ചായത്തിലെ തോണിച്ചിറ ഐ.എച്ച്.ഡി.പി. കോളനിയിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ കീഴിലെ പദ്ധതികൾ

I. നടപ്പിലാക്കിയവ

(1) പെരിയാർ
(2) ജലധാര
(3) പിടിപ്പഴി
(4) കാരേകോളിപ്പറപ്പ്
(5) സരയൂ
(6) നന്മ
(7) ജലസുധ
(8) പമ്പതീർത്ഥം
(9) കുടിനീർ
(10) പാറക്കടവ് – പട്ടത്താനം
(11) കോനത്ത്
(12) തിരുത്തിപ്പാടം
(13) സുരഭി
(14) കുന്നത്തുംപാടം
(15) സമൃദ്ധി
(16) അൽ – അമീൻ
(17) പമ്പാ
(18) മൈത്രി
(19) സൗഭാഗ്യ
(20) വള്ളപ്പുന്നി
(21) വടക്കുമ്പാട്
(22) ശ്രീകൃഷ്ണ
(23) അമൂല്യം

LIBRARY ARCHIVES Kerala Legislative Assembly

II. ഉടനെ പൂർത്തിയാക്കാവുന്നവ

(1) സുജല

(2) മൊച്ചാനം

(3) മെതിലക്കളം

അനുബന്ധം VII

[6-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത 88 (270)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

1-4-1998 മുതൽ നിലവിലുള്ള വെള്ളക്കര നിരക്കുകൾ താഴെപറയുന്ന പ്രകാരമാണ്

വിഭാഗം	*പ്രതിമാസ ഉപയോഗം*	*പ്രതിമാസ നിരക്ക്*
ഗാർഹികം	10 കിലോ ലിറ്റർ വരെ	20 രൂപ
,,	10 മുതൽ 30 കി. ലി. വരെ	20 രൂപയ്ക്ക് പുറമെ ഓരോ അധിക യൂണിറ്റിനും 3 രൂപ
,,	30 മുതൽ 50 കി. ലി. വരെ	80 രൂപയ്ക്ക് പുറമെ ഓരോ അധിക യൂണിറ്റിനും 5 രൂപ
,,	50 കി. ലി. മുകളിൽ	180 രൂപയ്ക്ക് പുറമെ ഓരോ അധിക യൂണിറ്റിനും 7.35 രൂപ
ഗാർഹികേതരം	50 കി. ലി. വരെ	യൂണിറ്റിന് 7.35 രൂപ (കുറഞ്ഞത് 100 രൂപ)
,,	50 കി. ലി. മുകളിൽ	368 രൂപയ്ക്ക് പുറമെ ഓരോ യൂണിറ്റിനും 10.60 രൂപ
വ്യാവസായികം		ഓരോ യൂണിറ്റിനും 10.60 രൂപ (കുറഞ്ഞത് 200 രൂപ)
പഞ്ചായത്ത്		സ്ട്രീറ്റ് ടാപ്പൊന്നിന് ഒരു വർഷത്തേക്ക് 1750 രൂപ
മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ		സ്ട്രീറ്റ് ടാപ്പൊന്നിന് ഒരു വർഷത്തേക്ക് 2628 രൂപ

LIBRARY ARCHIVES Kerala Legislative Assembly